**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1938** **08-02-2023 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ പാലാണ് സംസ്ഥാനത്ത് എത്തുന്നതെന്നും ഏതെല്ലാം അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് പാൽ കൊണ്ടുവരുന്നതെന്നും വിശദമാക്കാമോ; | (എ) | ക്ഷീരവികസന വകുപ്പിന് കീഴിലുള്ള മീനാക്ഷിപുരം(പാലക്കാട്), ആര്യങ്കാവ്(കൊല്ലം), പാറശ്ശാല(തിരുവനന്തപുരം) എന്നീ സ്ഥിരം ചെക്ക്പോസ്റ്റുകളിലൂടെ 5.5 ലക്ഷം ലിറ്ററോളം പാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം കേരളത്തിലേയ്ക്കെത്തുന്നുണ്ട്. തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നത്.<br><br>മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്ന പാലിനു പുറമേ വിപണി നിലനിർത്തുന്നതിനു വേണ്ടി അധികമായി ആവശ്യമുള്ള പാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്നുണ്ട്. 2022 ഡിസംബർ മാസത്തിലെ കണക്കനുസരിച്ച് പ്രതിദിനം 2,22,483 ലിറ്റർ പാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. നിലവിൽ തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ അയൽ സംസ്ഥാനങ്ങളിൽ നിന്നും മിൽമ പാൽ വാങ്ങുന്നുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് ക്ഷീരവികസന വകുപ്പിനു കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ |

സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ( NABL അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. അതോടൊപ്പം ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.

പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ കൂടാതെ ഷുഗർ, സ്റ്റാർച്ച്, ഗ്ലൂക്കോസ്, മാൾട്ടോഡെക്സ്ട്രിൻ, യൂറിയ, ഹൈഡ്രജൻ പെറോക്സൈഡ്, ഫോർമാലിൻ, ബോറിക് ആസിഡ്, ബൈ കാർബണൈറ്റ്സ്, ഹൈഡ്രോക്സൈഡ്സ് തുടങ്ങിയവ പാലിൽ അടങ്ങിയിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മ ഇല്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി വകുപ്പിന് കൈമാറുകയാണ് ചെയ്യുന്നത്. ഗുണമേന്മ ഇല്ലാത്ത പാൽ കൊണ്ടുവരുന്നതിന്റെ പേരിൽ നിയമപരമായ നടപടികൾ എടുക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് അധികാരമുള്ളത്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാൽ അതിർത്തികളിൽ പരിശോധിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പിന് നിലവിൽ സ്ഥിരം സംവിധാനമില്ല. എന്നാൽ എല്ലാ അഴ്ചകളിലും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും, കൂടുതലായി കേരളത്തിലേയ്ക്ക് പാൽ എത്തുന്ന ഉത്സവകാലങ്ങളിൽ ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം സംയുക്ത പരിശോധനകളും നടത്തി വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കേരളത്തിലെ മാർക്കറ്റുകളിൽ എത്തുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് അത്യാധുനിക ഉപകരണമായ LCMSMS ഉപയോഗിച്ച് അഫ്ളോടോക്സിൻ, ആന്റിബയോട്ടിക്സ് എന്നിവ ഉൾപ്പെടെയുള്ള പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ സാധാരണ പരിശോധനകൾക്കു പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ

| | | | |
|---|---|---|---|
| | | | സീസണുകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടുകൂടി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് മൊബൈൽ ലാബുകൾ ഉപയോഗിച്ച് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തി വരുന്നു. |
| (സി) | ഗുണമേന്മയില്ലാത്തതിന്റെ പേരിൽ സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പാൽ കമ്പനികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ കമ്പനികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത കമ്പനികൾ അടുത്ത ദിവസം തന്നെ പുതിയ നാമത്തിൽ പാൽ മാർക്കറ്റിലെത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് ഗുണമേന്മയില്ലാത്തതിന്റെ പേരിൽ പാൽ കമ്പനികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. |
| (ഇ) | ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള പാൽ സംസ്ഥാനത്ത് വിൽക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്; പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഇ) | സംസ്ഥാനത്ത് വിപണനത്തിനായി എത്തുന്ന പാൽ വിപണനം നടത്തുമ്പോൾ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന എല്ലാ നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടുവേണം വിപണനം നടത്തേണ്ടത്. ക്ഷീരവികസന വകുപ്പിനു കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ( **NABL** അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. അതോടൊപ്പം ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം **2006,** റെഗുലേഷൻസ് **2011** ലെ Food Products Standards and Food Additives ൽ |

| | | | |
|---|---|---|---|
| | | | നിഷ്കർഷിച്ചിരിയ്ക്കുന്ന നിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഉറപ്പുവരുത്തുന്നു. |
| (എഫ്) | ആര്യങ്കാവ് ചെക് പോസ്റ്റ് വഴി വന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എഫ്) | ആര്യങ്കാവ് ചെക് പോസ്റ്റ് വഴി വന്ന പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരവികസന വകുപ്പ് അറിയിച്ചതിനെ തുടർന്ന് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ എത്തി നിയമ പരമായി സാമ്പിൾ ശേഖരിച്ച് തിരുവനന്തപുരത്തുള്ള NABL അംഗീകാരമുള്ള ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ ശാസ്ത്രീയ പരിശോധന നടത്തിയതിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം കണ്ടെത്താനായില്ല. |
| (ജി) | എങ്കിൽ ഏത് കമ്പനിയാണ് പാൽ വിൽപ്പനയ്ക്കായി എത്തിച്ചതെന്നും ആർക്ക് നൽകുന്നതിനാണ് കൊണ്ടുവന്നതെന്നും വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (ജി) | AGRISOFT DAIRY & AGRO PRODUCER CO.LTD. 2/446, Mariyathaipuram, **Vadiyoor – 627 861, Thirunelveli (Dt.)** എന്ന കമ്പനിയിൽ നിന്നും **AGRISOFT DAIRY & AGRO PRODUCER CO.LTD., Edappan, Panthalam** എന്ന കമ്പനിയിലേയ്ക്ക് കൊണ്ടു വന്ന പാൽ ആയിരുന്നു ആര്യങ്കാവ് ചെക് പോസ്റ്റിൽ വെച്ച് ഹൈഡ്രജൻ പെറോക്സൈഡ് കലർന്നതായി പരിശോധനയിൽ കണ്ടെത്തിയത്**.** വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ അറിയിയ്ക്കുകയും തുടർന്ന് കോടതി നിർദ്ദേശ പ്രകാരം പാൽ നശിപ്പിച്ചു കളയുകയും ചെയ്തു**.** |

സെക്ഷൻ ഓഫീസർ